✎ ടി.കെ ഉബൈദ്

ഖുർആൻ ബോധനം
**1032**

# സൂറ – 33 / അൽ അഹ്സാബ്

## സൂക്തം: 25 – 26

സമ്പൂർണമായ ഈമാൻ ഉൾക്കൊള്ളുകയും അത് സാക്ഷാത്കരിക്കുകയും ചെയ്യുന്ന സാത്വികരെ ജീവിതം പാഴാക്കുന്ന വിഡ്ഢികളോ മതഭ്രാന്തന്മാരോ ആയിട്ടാണ് ഭൗതികന്മാർ കാണുക. അവർ ക്ലേശങ്ങൾ സഹിക്കുന്നതും ത്യാഗങ്ങളനുഷ്ഠിക്കുന്നതും അവരുടെ മൗഢ്യം. അതുകൊണ്ടൊന്നും ഇഹത്തിലോ പരത്തിലോ ഒരു നേട്ടവും ഉണ്ടാകാൻ പോകുന്നില്ല.

وَرَدَّ ٱللَّهُ ٱلَّذِينَ كَفَرُوا۟ بِغَيْظِهِمْ لَمْ يَنَالُوا۟ خَيْرًا ۚ وَكَفَى ٱللَّهُ
ٱلْمُؤْمِنِينَ ٱلْقِتَالَ ۚ وَكَانَ ٱللَّهُ قَوِيًّا عَزِيزًا ﴿٢٥﴾

25. സത്യധർമങ്ങൾ ധിക്കരിച്ചു വന്നവരെ അല്ലാഹു പുറകോട്ടോടിച്ചു. ഒന്നും നേടാനാവാതെ അവർക്ക് രോഷവും കൊണ്ട് തിരിച്ചുപോകേണ്ടിവന്നു. സത്യവിശ്വാസികൾക്കുവേണ്ടി പൊരുതാൻ അല്ലാഹു തന്നെ മതിയായി. അല്ലാഹു അതിശക്തനും അജയ്യനുമല്ലോ.

**25**

وَرَدَّ اللَّهُ = അല്ലാഹു മടക്കി (പുറകോട്ടോടിച്ചു)
الَّذِينَ كَفَرُوا = സത്യനിഷേധികളെ (സത്യധർമങ്ങൾ ധിക്കരിച്ചു വന്നവരെ) بِغَيْظِهِمْ = അവരുടെ രോഷവും കൊണ്ട്
لَمْ يَنَالُوا خَيْرًا = അവർ ഒരു ഗുണവും നേടിയില്ല (ഒന്നും നേടാനാവാതെ അവർക്കു തിരിച്ചുപോകേണ്ടിവന്നു)
وَكَفَى اللَّهُ الْمُؤْمِنِينَ = സത്യവിശ്വാസികൾക്കു വേണ്ടി അല്ലാഹു (തന്നെ) മതിയായി الْقِتَالَ = യുദ്ധത്തിന് (പൊരുതാൻ)
وَكَانَ اللَّهُ = അല്ലാഹു ആയിരിക്കുന്നു (അല്ലോ) قَوِيًّا عَزِيزًا = അതിശക്തൻ(നും), അജയ്യൻ(നും)

الَّذِينَ كَفَرُوا (സത്യം നിഷേധിച്ചവർ) ഇവിടെ മദീനയെ അക്രമിക്കാനെത്തിയ സഖ്യകക്ഷികളാണ്. നിറഞ്ഞുകവിഞ്ഞ രണവീര്യവുമായി പാഞ്ഞെത്തിയ അവരെ അല്ലാഹു വിരട്ടിയോടിച്ചു. മുസ്‌ലിം നശീകരണം, ഇസ്‌ലാമിന്റെ നിഷ്കാസനം, മദീനയുടെ വിഭവങ്ങളും കൃഷിയിടങ്ങളും സ്വന്തമാക്കൽ, അതുവഴി അറേബ്യയിലെ വീരശൂര ജേതാക്കളായി പരിലസിക്കൽ അങ്ങനെ ഒട്ടേറെ പദ്ധതികളും പരിപാടികളും അവർക്കുണ്ടായിരുന്നു. അതിലൊന്നുപോലും

നേടാനാവാതെ മനസ്സിൽ പുകയുന്ന മുസ്‌ലിം വിദ്വേഷവും അങ്കക്കലിയും കൊണ്ട് വിഷണ്ണരായി അവർക്ക് പിന്തിരിഞ്ഞോടേണ്ടിവന്നു. മുസ്‌ലിംകൾക്കാവട്ടെ അതിഭയങ്കരമായ ഈ ആക്രമണം ചെറുക്കാൻ പടവെട്ടേണ്ടിവന്നതുമില്ല. അല്ലാഹുവിന്റെ കാവലും കൈകാര്യവും അവർ രണാങ്കണത്തിലിറങ്ങുകയേ വേണ്ടെന്നാക്കി.

وَكَانَ اللَّهُ قَوِيًّا عَزِيزًا എന്ന സൂക്ത സമാപനത്തിന്റെ താൽപര്യമിതാണ്: അല്ലാഹു സർവശക്തനും അജയ്യനുമാകുന്നു. ആകയാൽ സൃഷ്ടികൾ അവരെ സമ്പൂർണമായി അവനിൽ സമർപ്പിക്കേണ്ടതാണ്. അങ്ങനെ സമർപ്പിച്ചുകൊണ്ട് ദൈവിക മാർഗത്തിൽ ഇറങ്ങിത്തിരിക്കുന്നവരെ അവൻ അവശരും നിസ്സഹായരുമായി ഉപേക്ഷിക്കുകയില്ല. ആവശ്യമെങ്കിൽ പ്രാപഞ്ചിക പ്രതിഭാസങ്ങളെയും മലക്കുകളെയുമെല്ലാം തന്റെ ഇഷ്ടദാസന്മാർക്കു വേണ്ടി പൊരുതാൻ അവൻ നിയോഗിക്കും. അവർ ശത്രുക്കളെ വിരട്ടിയോടിച്ച് അവരെ രക്ഷിക്കുകയും ചെയ്യും.

ഈ സൂക്തവും തൊട്ടു മുമ്പുള്ള സൂക്തങ്ങളും ചേർന്ന് മുസ്‌ലിംകൾക്ക് നൽകുന്ന മുഖ്യ സന്ദേശമിതാണ്: ഈമാനും ഇസ്‌ലാമും അവകാശപ്പെടുകയും, ഭീഷണികളും വെല്ലുവിളികളുമൊന്നുമില്ലാത്തപ്പോൾ ഇസ്‌ലാമിക ബാധ്യതകൾ നിർവഹിക്കുകയും ചെയ്തതുകൊണ്ടു മാത്രം ആരുടെയും ഇസ്‌ലാമും ഈമാനും പൂർണമോ കാപട്യത്തിന്റെ കലർപ്പില്ലാത്തതോ ആകുന്നില്ല. വിശ്വാസി ഏതു സാഹചര്യത്തിലും ഇസ്‌ലാമിന്റെ വിധിവിലക്കുകൾ പാലിക്കേണ്ടതുണ്ട്. സ്വന്തം ജീവിതത്തിനപ്പുറം സമൂഹത്തിൽ ദീനുൽ ഇസ്‌ലാം നിലനിർത്താൻ (اقامة الدّين) പരിശ്രമിക്കേണ്ടതും അവന്റെ ബാധ്യതയാകുന്നു. ഈ പരിശ്രമത്തിൽ വെല്ലുവിളികളും ഭീഷണികളും ഉയർന്നുവരും. അവയെ സ്വന്തം ഈമാനിന്റെ ദൃഢതയും സത്യസന്ധതയും തെളിയിക്കുന്ന പരീക്ഷണമായി കണ്ടുകൊണ്ട് സധൈര്യം തരണം ചെയ്യാൻ തയാറാകണം. തന്റെ സാമ്പത്തിക വികസനത്തിനോ മറ്റേതെങ്കിലും ഭൗതിക താൽപര്യങ്ങൾക്കോ കോട്ടം തട്ടിയേക്കുമെന്നു തോന്നുമ്പോൾ ഇസ്‌ലാമിക ജീവിതം മാറ്റിവെക്കുന്നതും അധ്വാനവും ത്യാഗവും ആവശ്യപ്പെടുന്ന ദീനീസേവനങ്ങളിൽനിന്ന് ഓരോരോ ഒഴികഴിവുകൾ പറഞ്ഞ് മാറിനിൽക്കുന്നതുമെല്ലാം ഈമാനിന്റെ ദൗർബല്യത്തിന്റെയും കാപട്യം കലർന്നതിന്റെയും ലക്ഷണമായി മനസ്സിലാക്കണം.

ആരാധനാകർമങ്ങൾ കൃത്യമായി അനുഷ്ഠിക്കുകയും സ്വർഗലബ്ധിക്ക് അതുമതി എന്നു കരുതി സാമൂഹികവും സാമ്പത്തികവും സാംസ്കാരികവും രാഷ്ട്രീയവുമായ കാര്യങ്ങളിലുള്ള ദീനീ അധ്യാപനങ്ങളെല്ലാം അവഗണിക്കുകയും ചെയ്യുന്ന വിശ്വാസികൾ ധാരാളമുണ്ട്. ചിലർ ഭീരുത്വം മൂലം ജാഹിലിയ്യത്തിനു വഴിപ്പെട്ടു ജീവിക്കുന്നു. ചിലരാവട്ടെ അതിന്റെ പ്രചാരകരും പ്രയോക്താക്കളുമായി പ്രവർത്തിക്കുന്നു. മതം സ്വകാര്യ ജീവിതത്തിൽ മാത്രം പരിഗണിക്കേണ്ടതും പൊതുജീവിതത്തിൽനിന്ന് മാറ്റിനിർത്തേണ്ടതുമാണെന്ന വാദം ഈ നിലപാടിന്റെ സിദ്ധാന്തവൽക്കരണമാണ്. ചിലർ ദീനീസേവനാർഥം രൂപംകൊണ്ട സംഘടനകളിൽനിന്നുപോലും അകലം പാലിക്കുന്നു. സംഘടന അനാവശ്യമാണ്, അല്ലെങ്കിൽ സംഘടനയുടെ നയനിലപാടുകളും പ്രവർത്തനങ്ങളും ശരിയല്ല എന്നായിരിക്കും അവർപറയുക. എങ്കിലും അധികമാളുകളെ സംബന്ധിച്ചേടത്തോളം അടിസ്ഥാന കാരണം ഈമാൻ നിർജീവവും അപൂർണവുമായതായിരിക്കും. നിഷ്കളങ്കമായ ആത്മപരിശോധന നടത്തുകയാണെങ്കിൽ അത് സ്വയം ബോധ്യപ്പെടുന്നതാണ്. അത്തരക്കാർക്ക് സ്വയം വീണ്ടെടുക്കാനും ഈമാനിന്റെ പൂർണതയിലെത്താനും അതുവഴി ഇഹപര സൗഭാഗ്യങ്ങളാർജിക്കാനും കഴിയും. ആ സൗഭാഗ്യം പക്ഷേ, അല്ലാഹുവിന്റെ വേണ്ടുക - مشيئة- ഉള്ളവർക്കേ നേടാനാകൂ. അതില്ലാത്തവർക്ക് തങ്ങളുടെ നിലപാട് പുനഃപരിശോധിക്കാനോ തൗബ ചെയ്യാനോ മനസ്സുണ്ടാവില്ല. ചിലരാവട്ടെ സ്വന്തം നിലപാടിന്റെ കോട്ടങ്ങൾ ബോധ്യപ്പെട്ടാലും ഇങ്ങനെയൊക്കെ അങ്ങ് കഴിഞ്ഞുകൂടിയാൽ മതി എന്നു തീരുമാനിച്ച് അതേ നിലപാടിൽതന്നെ മുന്നോട്ടുപോകുന്നു.

സമ്പൂർണമായ ഈമാൻ ഉൾക്കൊള്ളുകയും അത് സാക്ഷാത്കരിക്കുകയും ചെയ്യുന്ന സാത്വികരെ ജീവിതം പാഴാക്കുന്ന വിഡ്ഢികളോ മതഭ്രാന്തന്മാരോ ആയിട്ടാണ് ഭൗതികന്മാർ കാണുക. അവർ ക്ലേശങ്ങൾ സഹിക്കുന്നതും ത്യാഗങ്ങളനുഷ്ഠിക്കുന്നതും അവരുടെ മൗഢ്യം. അതുകൊണ്ടൊന്നും ഇഹത്തിലോ പരത്തിലോ ഒരു നേട്ടവും ഉണ്ടാകാൻ പോകുന്നില്ല. غَرَّ هَٰؤُلَاءِ دِينُهُمْ (ഇക്കൂട്ടരെ അവരുടെ മതം വഞ്ചിതരാക്കിയിരിക്കുകയാണ് - 8:49). കപടന്മാരും മനസ്സിൽ രോഗമുള്ളവരുമാണ് ഇങ്ങനെ പറയുകയെന്നും പ്രസ്തുത സൂക്തം പറയുന്നുണ്ട്. വികലമായ ബുദ്ധിയും കാപട്യവുമാണ് അവരെക്കൊണ്ട് അങ്ങനെ പറയിപ്പിക്കുന്നത്. എന്നാൽ അല്ലാഹുവിന്റെ പരീക്ഷണങ്ങളെ നിഷ്കളങ്ക മനസ്സായി ദൃഢവിശ്വാസത്തോടെ എല്ലാം അവനിൽ സമർപ്പിച്ചുകൊണ്ട് നേരിടുന്നവരോടൊപ്പം അല്ലാഹു ഉണ്ടായിരിക്കും. إِنَّ اللَّهَ مَعَ الصَّابِرِينَ (ക്ഷമിക്കുകയും സഹിക്കുകയും ചെയ്യുന്നവരോടൊപ്പം തീർച്ചയായും അല്ലാഹുവുണ്ട്). സ്വന്തം കഴിവുകൾ വറ്റിപ്പോയി, മാനുഷികമായ പരസഹായം പൂർണമായി നിഷേധിക്കപ്പെട്ട് എല്ലാ ഗതിയും മുട്ടിയിരിക്കുന്നു എന്നു കാണുന്ന ഘട്ടത്തിൽ പ്രകൃതിശക്തികളുടെ രൂപത്തിൽ അല്ലാഹുവിന്റെ പട അവർക്കുവേണ്ടി ശത്രുക്കളെ നേരിടും. അവർ സങ്കൽപിക്കാത്ത മാർഗങ്ങളിലൂടെ വിജയം അവരുടെ കാൽക്കലെത്തുകയും ചെയ്യും. അതാണ് ബദ്ർ, അഹ്സാബ് യുദ്ധങ്ങളിൽ കണ്ടത്. ●

---

وَأَنزَلَ ٱلَّذِينَ ظَٰهَرُوهُم مِّنْ أَهْلِ ٱلْكِتَٰبِ مِن صَيَاصِيهِمْ وَقَذَفَ فِى قُلُوبِهِمُ ٱلرُّعْبَ فَرِيقًا تَقْتُلُونَ وَتَأْسِرُونَ فَرِيقًا ﴿٢٦﴾

26. ശത്രുക്കളെ സഹായിച്ച വേദക്കാരെ അവരുടെ കോട്ടകൊത്തളങ്ങളിൽനിന്ന് അവൻ ഇറക്കിവിട്ടു. അവരുടെ മനസ്സുകളിൽ കൊടുംപേടിയെറിയുകയും ചെയ്തു. നിങ്ങളിതാ അവരിൽ ഒരു വിഭാഗത്തെ വധിക്കുകയും മറ്റൊരു വിഭാഗത്തെ ബന്ധനസ്ഥരാക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു.

**26**

وَأَنزَلَ الَّذِينَ ظَاهَرُوهُم = അവരെ (ശത്രുക്കളെ) സഹായിച്ചവരെ അവൻ ഇറക്കി(വിട്ടു)

مِّنْ أَهْلِ الْكِتَابِ = വേദക്കാര(രെ)രിൽനിന്നുള്ള مِن صَيَاصِيهِمْ = അവരുടെ കോട്ടകൊത്തളങ്ങളിൽനിന്ന്

وَقَذَفَ فِي قُلُوبِهِمُ = അവരുടെ മനസ്സുകളിൽ എറിയുകയും ചെയ്തു

الرُّعْبَ = കൊടുംപേടി فَرِيقًا = അവരിൽ ഒരു വിഭാഗത്തെ تَقْتُلُونَ = നിങ്ങൾ (ഇതാ) വധിച്ചുകൊണ്ടിരിക്കുന്നു

وَتَأْسِرُونَ فَرِيقًا = മറ്റൊരു വിഭാഗത്തെ നിങ്ങൾ ബന്ധനസ്ഥരാക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു

الَّذِينَ ظَاهَرُوهُم مِّنْ أَهْلِ الْكِتَابِ എന്ന വാക്യം സൂചിപ്പിക്കുന്നത് സഖ്യസൈന്യം മദീനയെ അക്രമിക്കാനെത്തിയപ്പോൾ മുസ്‌ലിംകളുമായി ഉണ്ടായിരുന്ന സഹകരണ-സമാധാന കരാർ കാറ്റിൽ പറത്തി ശത്രുക്കളെ സഹായിക്കാൻ തീരുമാനിച്ച ജൂതഗോത്രമായ ബനൂഖുറൈളയെയാണ്. صيصة-ന്റെ ബഹുവചനമാണ് صياصي. പക്ഷികളുടെ നഖത്തിനും കാലികളുടെ കൊമ്പുകൾക്കും صيصة ഉപയോഗിക്കും. കാലികൾ അക്രമം നടത്തുന്നതും അക്രമം പ്രതിരോധിക്കുന്നതും കൊമ്പുകൊണ്ടാണല്ലോ. പിന്നീട് ഈ ആശയത്തെ ആസ്പദമാക്കി മനുഷ്യരുടെ പ്രതിരോധ സന്നാഹങ്ങൾക്കും രക്ഷാസങ്കേതങ്ങക്കും ഈ പദം ഉപയോഗിച്ചുതുടങ്ങി. ബനൂഖുറൈളയുടെ കോട്ടകൊത്തളങ്ങളാണ് ഇവിടെ ഉദ്ദേശ്യം. സഖ്യസൈന്യം ഓടിപ്പോയതിനു പിറ്റേന്ന് പ്രതിരോധസേന മദീനയിൽ തിരിച്ചെത്തിയ ഉടനെ പ്രവാചകന് അല്ലാഹുവിന്റെ കൽപന വന്നു; നിർണായക ഘട്ടത്തിൽ മുസ്‌ലിംകളെ വഞ്ചിക്കുകയും ശത്രുക്കൾക്ക് ഒറ്റുകൊടുക്കാൻ ശ്രമിക്കുകയും ചെയ്ത ബനൂഖുറൈളയെ ശിക്ഷിക്കണമെന്ന്. അന്ന് ളുഹ്ർ നമസ്കാരം കഴിഞ്ഞ ഉടനെ, അലി(റ)യുടെ നേതൃത്വത്തിൽ ഒരു സംഘം ആളുകളോട് ഏതാനും മൈലുകൾ അകലെയുള്ള ബനൂഖുറൈളയുടെ വാസസ്ഥലത്തേക്ക് നീങ്ങാൻ പ്രവാചകൻ ഉത്തരവിട്ടു. ബനൂഖുറൈളയിലെത്തിയിട്ടല്ലാതെ ആരും അസ്ർ നമസ്കരിക്കരുതെന്നു കൽപിച്ചിരുന്നു. കഴിയുന്നതും വേഗം അവിടെ എത്തണമെന്നായിരുന്നു തിരുമേനി ഉദ്ദേശിച്ചത്. വഴിമധ്യേ തന്നെ അസ്റിന്റെ സമയമായപ്പോൾ ചിലർ അസ്ർ നമസ്കരിച്ചു. വേഗം സഞ്ചരിക്കണമെന്നേ പ്രവാചകൻ ഉദ്ദേശിച്ചിട്ടുള്ളൂ എന്നായിരുന്നു അവരുടെ ന്യായം. ബാക്കിയുള്ളവർ ബനൂഖുറൈളയിലെത്തിയിട്ടേ നമസ്കരിക്കുന്നുള്ളൂ എന്നും തീരുമാനിച്ചു. അതാണല്ലോ പ്രവാചകന്റെ നിർദേശം. പിന്നീട് വിവരമറിഞ്ഞ പ്രവാചകൻ രണ്ടു നിലപാടുകളെയും അംഗീകരിക്കുകയാണുണ്ടായത്. രണ്ടു കൂട്ടരും പരസ്പരം കലഹിക്കുകയോ ആക്ഷേപിക്കുകയോ ഉണ്ടായില്ല.

രണ്ടു വിഭാഗം സ്വഹാബത്ത് അവരവരുടെ ഇജ്തിഹാദ്-ഗവേഷണം- അനുസരിച്ച് പ്രവർത്തിക്കുകയായിരുന്നു. ഇസ്‌ലാമിക ശരീഅത്തിൽ ഇജ്തിഹാദ് അനുവദിക്കുന്നതിനുള്ള പ്രബലമായ തെളിവായി ഈ സംഭവം ഉന്നയിക്കപ്പെട്ടിരിക്കുന്നു. വ്യത്യസ്തമായ രണ്ടു നിലപാടിനും നബി(സ) നൽകിയ അംഗീകാരം മുജ്തഹിദി-ഗവേഷക-ന് തെറ്റിപ്പോയാലും കുറ്റമില്ല എന്നതിനു കൂടി തെളിവാകുന്നു.

ഖുറൈള ദേശത്തെത്തിയ അലിയും സൈന്യവും അവരുടെ കോട്ട ഉപരോധിക്കുകയായിരുന്നു. ഖുറൈളയിലെത്താനല്ലാതെ ആക്രമണം നടത്താൻ പ്രവാചകൻ കൽപിച്ചിരുന്നില്ല. ബനൂഖുറൈളയുടെ കോട്ട സുഭദ്രവും ഏറെ പ്രതിരോധസന്നാഹങ്ങളുള്ളതുമായിരുന്നു. രണപാടവമുള്ള ധാരാളം ഭടന്മാരും അവരുടെ കൂട്ടത്തിലുണ്ട്. പെട്ടെന്ന് കോട്ടക്കകത്ത് കടന്നു ചെന്നാൽ മുസ്‌ലിം പക്ഷത്ത് ആൾനാശം വർധിക്കാനിടയായേക്കും. അലിയും സൈന്യവും ബനൂഖുറൈളയിലെത്തി ഏറെ താമസിയാതെ, മദീനയുടെ ചുമതല ഇബ്നു ഉമ്മിമക്തൂമിനെ ഏൽപിച്ചുകൊണ്ട് പ്രവാചകനും അവിടെ വന്നു ചേർന്നു. പ്രവാചകനും സൈന്യവും കോട്ടയെ ഉപരോധിച്ചുകൊണ്ട് ഖുറൈളക്കാരോട് കോട്ടക്കു പുറത്തുവരാൻ ആവശ്യപ്പെട്ടു. അവർ അതിനു തയാറായില്ല. മുസ്‌ലിംകൾ ഉപരോധം കർക്കശമാക്കി.

കോട്ടക്കുള്ളിൽ കുടുങ്ങിയ യഹൂദരുടെ മുന്നിൽ നാലു കാര്യങ്ങളാണുണ്ടായിരുന്നത്: 1) കോട്ടയിൽനിന്ന് പുറത്തുകടന്ന് മുസ്‌ലിംകളുമായി ഏറ്റുമുട്ടുക. അത് തങ്ങളുടെ സമ്പൂർണനാശത്തിലാണ് കലാശിക്കുക എന്ന് അവർ ഭയപ്പെട്ടു. 2) കുറ്റം സമ്മതിച്ച് നിരുപാധികം കീഴടങ്ങുക. അതിനും അവരുടെ മനസ്സ് സമ്മതിച്ചില്ല. മാത്രമല്ല, കീഴടങ്ങിയാലും രക്ഷപ്പെടുമെന്ന് ഉറപ്പുമില്ല. 3) മുസ്‌ലിംകളോട് സന്ധിക്ക് അപേക്ഷിക്കുക. നേരത്തേ ഉണ്ടായിരുന്നതും നല്ല നിലയിൽ പാലിക്കപ്പെട്ടു പോന്നിരുന്നതുമായ ഒരു സന്ധി തങ്ങൾ ഏകപക്ഷീയമായി ലംഘിച്ചതിനെ തുടർന്നാണ് ഇപ്പോഴത്തെ സംഭവവികാസങ്ങളുണ്ടായിരിക്കുന്നത്. ഈ സാഹചര്യത്തിൽ ഇനിയും ഒരു സന്ധിക്ക് അപേക്ഷിക്കുന്നത് വെറുതെയാണ്. 4) ഇസ്‌ലാം സ്വീകരിച്ച് മുസ്‌ലിം സമുദായത്തിന്റെ ഭാഗമായി മാറുക. ഇതാണ് ഇപ്പോൾ സ്വീകരിക്കാവുന്ന ഏറ്റവും ഉത്തമമായ വഴിയെന്ന് ഗോത്രത്തലവനായ കഅ്ബുബ്നു അസദ് അവരെ ഉപദേശിച്ചുനോക്കി. പക്ഷേ ഇസ്രാഈല്യനല്ലാത്ത മുഹമ്മദിന്റെ പ്രവാചകത്വത്തിൽ വിശ്വസിക്കാനോ, തൗറാത്തല്ലാത്ത മറ്റൊരു വേദം -ഖുർആൻ- അംഗീകരിക്കാനോ, ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ട വിശിഷ്ട വർഗം എന്ന മിഥ്യാഭിമാനം കൈവിടാനോ അവർ തയാറായില്ല. എങ്കിലും അക്കൂട്ടത്തിൽ മൂന്നോ നാലോ പേർ ഈ വഴി സ്വീകരിച്ചു രക്ഷപ്പെട്ടതായി ചരിത്രം പറയുന്നു.

ഉപരോധം നീണ്ടുപോയി. കോട്ടക്കുള്ളിലെ ജീവിതം ബനൂഖുറൈളക്ക് അനുദിനം ദുസ്സഹമായിക്കൊണ്ടിരുന്നു. അങ്ങനെ 24 ദിവസം പിന്നിട്ടു. തങ്ങൾ സ്ഥാവര സ്വത്തുക്കളുടെയെല്ലാം ഉടമസ്ഥത ഉപേക്ഷിച്ച് സിറിയയിലെ അദ്‌രിആത്തിലേക്ക് പൊയ്ക്കൊള്ളാമെന്ന് അവർ പ്രവാചകനെ അറിയിച്ചു. ഇനി നിങ്ങളുടെ കാര്യം തീരുമാനിക്കുക നിങ്ങളല്ല, ഞാനാണ് എന്നായിരുന്നു പ്രവാചകന്റെ മറുപടി. തുടർന്ന്

അവർ ജാഹിലിയ്യാ കാലത്ത് തങ്ങളുടെ സഖ്യകക്ഷിയായിരുന്ന ഔസ് ഗോത്രത്തിന്റെ സഹായം തേടി. ഔസ് ഗോത്രത്തിലെ ചിലയാളുകൾ അവർക്കു വേണ്ടി പ്രവാചകനോട് ശിപാർശ ചെയ്തു. ഈ വിഷയത്തിൽ മുസ്‌ലിംകൾക്കും യഹൂദർക്കുമിടയിൽ വിധി പറയാൻ അവർക്ക് സമ്മതനായ ഒരു മധ്യസ്ഥനെ നിശ്ചയിക്കാം, മധ്യസ്ഥന്റെ വിധി എന്തായിരുന്നാലും താൻ സ്വീകരിക്കും, ബനൂഖുറൈളയും സ്വീകരിക്കണം എന്ന് നബി(സ) നിർദേശിച്ചു. നിർദേശം സ്വീകരിച്ച ബനൂഖുറൈള മധ്യസ്ഥനായി നിശ്ചയിച്ചത് ഔസ് ഗോത്രത്തിന്റെ തലവനായ സഅ്ദുബ്നു മുആദിനെയാണ്. തന്റെ വിധി നിസ്തർക്കം സ്വീകരിക്കുമെന്ന് അദ്ദേഹം ഇരുവിഭാഗത്തിൽനിന്നും പ്രതിജ്ഞ വാങ്ങി. നേരത്തേ ബനുന്നദീറിനെ അവരുടെ പഴയ സഖ്യകക്ഷിയായിരുന്ന ഖസ്‌റജ് ഗോത്രത്തിന്റെ തലവൻ അബ്ദുല്ലാഹിബ്നു ഉബയ്യ് സഹായിച്ചതുപോലെ തങ്ങളുടെ പഴയ സഖ്യകക്ഷിയുടെ തലവനായ സഅ്ദ് തങ്ങൾക്കും ചില ആനുകൂല്യങ്ങളും വിട്ടുവീഴ്ചകളും നേടിത്തരുമെന്ന പ്രതീക്ഷയാണ് സഅ്ദിനെ മധ്യസ്ഥനായി നിർദേശിക്കാൻ അവരെ പ്രേരിപ്പിച്ചത്.

ബനൂഖുറൈളയുടെ പ്രതീക്ഷ പക്ഷേ അസ്ഥാനത്തായിരുന്നു. ഏതാനും ദിവസം മുമ്പ് അവർ കരാർ ലംഘിക്കുന്നുവെന്നറിഞ്ഞ ഉടനെ സഅ്ദ് അവരെ സന്ദർശിച്ചിരുന്നു. ഈ സന്ദർഭത്തിൽ കരാർ ലംഘിക്കുന്നത് തികച്ചും അന്യായവും അധാർമികവുമാണെന്നും അത് ഇരുകൂട്ടർക്കും ദോഷമേ ചെയ്യൂ എന്നും സഅ്ദ് അവരെ ഗുണകാംക്ഷാപൂർവം ഉപദേശിച്ചിരുന്നതാണ്. കരാർലംഘനം പുനഃപരിശോധിക്കാൻ തയാറായില്ലെന്നു മാത്രമല്ല പ്രവാചകനെ കഠിനമായി ഭർത്സിച്ചുകൊണ്ടും മുസ്‌ലിംകളെ ഒന്നടങ്കം ശകാരിച്ചുകൊണ്ടും അദ്ദേഹത്തെ അപമാനിച്ചുവിടുകയാണവർ ചെയ്തത്. ഈ സംഭവം ഓർത്തിരുന്നുവെങ്കിൽ സഅ്ദിനെ മധ്യസ്ഥനാക്കാൻ അവർ തയാറാകുമായിരുന്നില്ല. അല്ലാഹുവിന്റെ അലംഘ്യമായ വിധി കാത്തിരിക്കുന്നതിനാലാവാം അവർക്കു അതോർക്കാൻ കഴിഞ്ഞില്ല.

സഅ്ദുബ്നു മുആദ് വിധിച്ചത് ഇങ്ങനെയാണ്: ''ബനൂഖുറൈളയിലെ പടയാളികളെയെല്ലാം വധിക്കുക. അവരുടെ സ്വത്തുക്കൾ കണ്ടുകെട്ടുക. അവരിലെ സ്ത്രീകളെയും കുട്ടികളെയും ബന്ധനസ്ഥരാക്കുക.'' ജാഹിലിയ്യാ കാലത്ത് തങ്ങളുടെ സഖ്യകക്ഷിയായിരുന്ന ഔസ് ഗോത്രത്തിന്റെ തലവനിൽനിന്ന് ഇങ്ങനെയൊരു വിധി ബനൂഖുറൈള തീരെ പ്രതീക്ഷിച്ചതല്ല. ബനൂഖുറൈളയുടെ സഹായത്താൽ സഖ്യകക്ഷികൾ യുദ്ധം ജയിച്ചിരുന്നുവെങ്കിൽ മുസ്‌ലിംകളുടെ പരിണതി എന്താകുമായിരുന്നുവോ അതേ പരിണതി ആ വഞ്ചകർക്കു വിധിക്കുകയായിരുന്നു സഅ്ദ്. കൊടിയ തണുപ്പും അപ്രതീക്ഷിതമായ കാറ്റുമാണ് സഖ്യസൈന്യത്തെ പിന്തിരിപ്പിച്ചത്. അന്തരീക്ഷം അനുകൂലമാകുമ്പോൾ അവർ ഇനിയും ആക്രമണത്തിനെത്തിക്കൂടെന്നില്ല. ബനൂഖുറൈള ഇപ്പോൾ ചെയ്തതു തന്നെയായിരിക്കും അപ്പോഴും ചെയ്യുക. അവരെ മദീനയിൽനിന്ന് നാടുകടത്തുന്നത് പ്രശ്നത്തിന് ശാശ്വത പരിഹാരമാകുമായിരുന്നില്ല. സമാനമായ സാഹചര്യത്തിൽ നദീർ ഗോത്രത്തെ മദീന വിട്ടുപോകാനനുവദിച്ചപ്പോൾ പ്രവാചകന്നും മുസ്‌ലിംകൾക്കും ദ്രോഹകരമായി ഒന്നും ചെയ്യില്ല എന്ന് അവരിൽനിന്ന് കരാറുവാങ്ങിയിരുന്നു. അവരിൽ ഒരാളെപോലും വധിക്കാതെയാണ് അവരെ നാടുകടത്തിയത്. അതേ ബനുന്നദീർ ഗോത്രത്തിന്റെ നായകൻ അറേബ്യ മുഴുവൻ നടന്ന് സഖ്യസൈന്യം സംഘടിപ്പിച്ച് മദീനക്കെതിരെ പടയോട്ടം നടത്തുകയായിരുന്നു. മുസ്‌ലിംകളെ വഞ്ചിച്ചുകൊണ്ട് ആ ശത്രുക്കളെ സഹായിക്കാൻ തയാറായതാണ് ബനൂഖുറൈളയുടെ കുറ്റം. അവരെ നാടുകടത്തിയാൽ അവരും ബനുന്നദീറും ചേർന്നാകും ഇനി സഖ്യസൈന്യം സംഘടിപ്പിക്കുന്നത്. ഇസ്‌ലാമിന്റെയും മുസ്‌ലിംകളുടെയും നിലനിൽപിന് ഈ വഞ്ചകപ്പരിഷകളുടെ ഉന്മൂലനം അനിവാര്യമാണെന്ന് സഅ്ദ് മനസ്സിലാക്കിയിരിക്കാം. പ്രവാചകൻ ആ വിധി അംഗീകരിക്കുകയും നടപ്പിലാക്കാൻ കൽപിക്കുകയും ചെയ്തു.

പ്രവാചകൻ ബനൂഖുറൈളയിലെത്തിയ ദിവസം തന്നെ അവരോട് കോട്ടവിട്ട് പുറത്തുവരാൻ ആവശ്യപ്പെട്ടിരുന്നു. ചിലർ അതിന് തയാറായതുമാണ്. പക്ഷേ നദീർ ഗോത്രത്തലവൻ ഹുയയ്യ് അവരെ തടഞ്ഞു. കോട്ടയിൽ നിലയുറപ്പിച്ച് യുദ്ധം ചെയ്താൽ എളുപ്പം ജയിക്കാമെന്നായിരുന്നു അയാളുടെ ഉപദേശം. പ്രവാചകൻ ആവശ്യപ്പെട്ടതുപോലെ അന്നേ പുറത്തുവന്ന് അപരാധം സമ്മതിച്ച് ക്ഷമാപണം ചെയ്തിരുന്നുവെങ്കിൽ ശിക്ഷയിൽ സാരമായ ഇളവു നേടാൻ കഴിയുമായിരുന്നു. ആദ്യഘട്ടത്തിലെന്നപോലെ ഈ ഘട്ടത്തിലും ഹുയയ്യുബ്നു അഖ്തബ് ബനൂഖുറൈളയെ നാശഗർത്തത്തിലേക്ക് തള്ളിവിട്ടു. ആഴ്ചകൾ നീണ്ട ക്ലേശഭൂയിഷ്ഠമായ കാത്തിരിപ്പിനുശേഷം നിരാശരും ഭയക്രാന്തരുമായി അവർക്ക് കോട്ടവിട്ട് പുറത്തുവരേണ്ടി വന്നു. സഅ്ദുബ്നു മുആദ് വിധി പ്രസ്താവിച്ചതോടെ മുസ്‌ലിംകൾ അവരിലൊരു വിഭാഗത്തെ -പടയാളികളെ- വധിക്കാനും മറ്റൊരു വിഭാഗത്തെ -സ്ത്രീകളെയും കുട്ടികളെയും- ബന്ധനസ്ഥരാക്കാനും തുടങ്ങി. ഇതാണ് وَقَذَفَ........ فَرِيقًا എന്ന വാക്യം സൂചിപ്പിക്കുന്നത്. ●